സ്കാനിംഗ് തുടങ്ങിയവ ഓരോ വർഷത്തെയും ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തിവരുന്നുണ്ട്. നിലവിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലെ സ്കാനിംഗ് യൂണിറ്റുകളും ലബോറട്ടറി സംവിധാനവും പ്രവർത്തനക്ഷമമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് ആർ.എസ്.ബി.വൈ/കാരുണ്യ/ജെ.എസ്.വൈ., ജെ.എസ്.എസ്.കെ സമഗ്ര ആദിവാസി ആരോഗ്യ പദ്ധതി തുടങ്ങിയവ പ്രകാരം സൗജന്യമായി രോഗനിർണ്ണയം നടത്തിവരുന്നു.

(ബി) ലബോറട്ടറികൾ ഇല്ലാത്ത പി.എച്ച്.സി., സി.എച്ച്.സി.-കളിലും ഘട്ടംഘട്ടമായി ഇത് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എൻ.എച്ച്.എം. വഴി നടന്നുവരുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിലെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക ആരോഗ്യ/ സാമൂഹിക കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കേരളജനതയ്ക്ക് കുറഞ്ഞ ചെലവിൽ കൃത്യമായ രോഗനിർണ്ണയം പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ 171 പ്രാഥമിക/സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലെ ലാബുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെ നിയന്ത്രണം രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, 2013-ലെ കരട് ബിൽ നമ്പർ 230 ആയി നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുതബില്ലിൽ നിയമനിർമ്മാണം ഉണ്ടാകുന്നതോടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്.

നോക്കുകൂലി വിമുക്ത ജില്ലകൾ

19 (*229) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളെയും നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) എല്ലാ ജില്ലകളെയും നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടി സ്വീകരിക്കുകയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നു വരികയാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനമൊട്ടാകെയുള്ള നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

(സി) നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലകളിലെ പ്രധാന കവലകളിൽ റസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്ന് ഏകീകൃത കയറ്റിറക്ക് കൂലി പ്രസിദ്ധപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയും ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കൂലി മനസ്സിലാക്കി തൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് എസ്.ബി.റ്റി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. കൂടാതെ നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി 180042555214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. കോൾ സെന്റർ മുഖേന ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly